"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എഞ്ചിനീയറിങ് വിഭാഗം- പാലക്കാട് മുനിസിപ്പാലിറ്റി- ട്രൂ ലൈൻ പബ്ലിക് സ്കൂളിന്റെ അനധികൃത നിർമ്മാണം-ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്ക നടപടി- തീർപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(EWA) വകുപ്പ്**

സ.ഉ.(സാധാ) നം.95/2026/LSGD തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:-

1. വിജിലൻസ് (F) വകുപ്പിൽ നിന്നുള്ള 10.11.2023-ലെ വിജി F1/26/2023/വിജി നം. കത്ത്
2. വിജിലൻസ് ഡയറക്ടറുടെ 04.09.2023-ലെ E12-(PE-1/2023/PKD)45904/2022/DVACB നമ്പർ റിപ്പോർട്ട്.
3. 18.12.2023-ലെ 339/EWA3/23/LSGD നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. ഓവർസിയർമാരായ ശ്രീ.ബിനി എ.എസ്., ശ്രീ.രമേഷ് R., ശ്രീ.ഹരിദാസ് K., ശ്രീ.ജയപ്രകാശ്, ശ്രീ.ജയൻ എസ്, ശ്രീ.ഭഗവൽദാസ്, ശ്രീ.ബാബു കെ.ബി. എന്നിവർ 08.04.24-ലും ശ്രീ.രാധാകൃഷ്ണൻ 09.04.24-ലും, ശ്രീ.ഷൈജു പി.എസ്. 27.01.24-ലും, ശ്രീ.സൂരജ് എം.കെ 06.04.24-ലും, ശ്രീ.കിഷോർ കെ, ശ്രീമതി സബ്ന എ.എസ്. 06.04.24-ലും സമർപ്പിച്ച എതിർവാദപത്രികകൾ.
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.10.24-ലെ LSGD/PD/208/2024-VIGD1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് മുനിസിപ്പാലിറ്റി പരിധിയിൽ അനധികൃതമായി 3 നില കെട്ടിടം നിർമ്മിച്ച് ടി കെട്ടിടത്തിൽ അനധികൃതമായി "ട്രൂ ലൈൻ പബ്ലിക് സ്കൂൾ" എന്ന സ്ഥാപനം പ്രവർത്തിക്കുന്നു എന്ന ആരോപണത്തിന്മേൽ വിജിലൻസ് നടത്തിയ അന്വേഷണത്തിൽ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനമായ ട്രൂ ലൈൻ പബ്ലിക് സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം "നിലം" ഇനത്തിൽപെട്ട സ്ഥലമാണെന്നും ടി സ്ഥലത്ത് 2011-ൽ 108 $m^2$ വിസ്തീർണ്ണമുള്ള ഒരു റെസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുകയും ആയതിന് പാലക്കാട് മുനിസിപ്പാലിറ്റിയിൽ നിന്ന് 27/986 എന്ന കെട്ടിട നമ്പർ ലഭിക്കുകയും 2013 മുതൽ ടി കെട്ടിടത്തിൽ ട്രൂ ലൈൻ കിന്റർ ഗാർഡൻ എന്ന ഒരു സ്ഥാപനം തുടങ്ങുകയും ടി കെട്ടിടത്തിന് സമീപത്തായി 2019-ൽ മറ്റൊരു മൂന്ന് നില കെട്ടിടം പണി പൂർത്തിയാക്കിയതായും ടി മൂന്ന് നില കെട്ടിടത്തിൽ ഓരോ നില നിർമ്മിച്ചതനുസരിച്ച് ഓരോ വർഷവും ICSE സിലബസ് പ്രകാരം ക്ലാസുകൾ നടത്തി വരുന്നുണ്ടെന്നും ടി സ്കൂളിന് നാളിതുവരെയായി വിദ്യാഭ്യാസ വകുപ്പിൽ നിന്നോ ബന്ധപ്പെട്ട

വിദ്യാഭ്യാസ ബോർഡിൽ നിന്നോ പാലക്കാട് മുനിസിപ്പാലിറ്റിയുടെയോ യാതൊരുവിധ അംഗീകാരവും ലഭിച്ചിട്ടില്ലെന്നും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയതായി പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. മേൽപ്പറഞ്ഞ വീഴ്ചയ്ക്ക് ഉത്തരവാദികളായി കണ്ടെത്തിയ ഓവർസിയർമാരായ (1) ശ്രീ.ഭഗവൽദാസ്, (2) ശ്രീ.ബാബു.കെ.ബി., (3) ശ്രീമതി നദീറബാനു, (4) ശ്രീ.രാധാകൃഷ്ണൻ, (5) ശ്രീ.ഹരിദാസ്, (6) ശ്രീ.രമേഷ് ആർ., (7) ശ്രീ.ഷൈജു പി.എസ്., (8) ശ്രീ.ജയപ്രകാശ്, (9) ശ്രീ.സൂരജ് എം.കെ., (10) ശ്രീ.കിഷോർ കെ., (11) ശ്രീ.ബിനി എ.എസ്., (12) ശ്രീമതി സബ്ന എ.എസ്., (13) ശ്രീ.ജയൻ എസ്. എന്നിവർക്കെതിരെ KCS(CC&A) Rule 16 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയും കുറ്റപത്രം നല്കുകയും ചെയ്തിരുന്നു.

2. ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ ഉൾപ്പെട്ടിട്ടുള്ള **ശ്രീമതി നദീറബാനു (PEN No.509171)-വിന്** പിഡബ്ല്യൂഡി വകുപ്പിലേക്ക് നിയമനം ലഭിച്ചതിനാൽ ശ്രീമതി നദീറബാനുവിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നു.

3. കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് **ശ്രീമതി സബ്ന എ.എസ്. ഓവർസിയർ ഗ്രേഡ് II** സമർപ്പിച്ച എതിർവാദ പത്രികയിൽ 20/02/2021 മുതൽ 26/09/2021 വരെയുള്ള കാലയളവിൽ മാത്രമാണ് സ്ക്വാഡിൽ പ്രവർത്തിച്ചിട്ടുള്ളതെന്നും 01/10/2021 മുതൽ ഡ്രോയിങ് വിഭാഗത്തിൽ ജോലി ചെയ്യുന്നുവെന്നും 2019-ൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച സമയത്ത് ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്നും, നിർമ്മാണ പ്രവൃത്തികൾ നടക്കുന്ന വേളയിലേ അനധികൃത നിർമ്മാണമാണോ എന്ന് കണ്ടെത്താൻ കഴിയുകയുള്ളൂവെന്നും, പൂർത്തീകരിച്ച കെട്ടിടം അനധികൃതമാണോ എന്ന് അറിയുവാൻ കഴിയുകയില്ലയെന്നും ശ്രീമതി സബ്ന എ.എസ്. അറിയിക്കുന്നു.

4. കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് **ശ്രീ.ജയൻ എസ്., ഓവർസിയർ ഗ്രേഡ്-II** സമർപ്പിച്ച എതിർവാദ പത്രികയിൽ "പാലക്കാട് മുനിസിപ്പാലിറ്റിയിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനുള്ള ഹോളിഡേ സ്ക്വാഡിൽ 13/09/2021 മുതൽ 30/10/2021 വരെയുള്ള കാലയളവിൽ രണ്ടാംതരം ഓവർസിയർ ആയി ജോലി ചെയ്തിരുന്നുവെന്നും, ട്രൂ ലൈൻ പബ്ലിക് സ്കൂൾ എന്ന കെട്ടിടം 2019-ൽ പൂർത്തീകരിച്ചതായും, ടി അനധികൃത കെട്ടിടം പൂർത്തീകരിച്ച കാലയളവിൽ ഹോളിഡേ സ്ക്വാഡിൽ പ്രവർത്തിച്ചിട്ടില്ലയെന്നും, നിർമ്മിതി പൂർത്തീകരിച്ചതിനാൽ അനധികൃത കെട്ടിടമാണോ എന്ന് അറിയുവാൻ കഴിഞ്ഞില്ലയെന്നും അറിയിക്കുന്നു.

5. കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് **ശ്രീ.ബിനി എസ്., ഓവർസിയർ ഗ്രേഡ്-II** സമർപ്പിച്ച എതിർവാദപത്രികയിൽ 28/5/2012 മുതൽ 17/09/2021 വരെയുള്ള കാലയളവിൽ മൂന്നാം ഗ്രേഡ് ഓവർസിയർ ആയി ജോലി നോക്കിയിരുന്നുവെന്നും ടി കാലയളവിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ചുമതല മാത്രമാണ് ഉണ്ടായിരുന്നതെന്നും പിന്നീട് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 03/09/2021ലെ E5-2383/20/CE/LSGD ഉത്തരവ് പ്രകാരം രണ്ടാംതരം ഓവർസിയർ ആയി സ്ഥാനക്കയറ്റം ലഭിച്ച് പാലക്കാട് ജില്ലയിലെ തൃത്താല ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലം മാറി പോവുകയും വീണ്ടും, 30/10/2021 തീയതിയിൽ പാലക്കാട് നഗരസഭയിൽ ജോലിയിൽ പ്രവേശിക്കുകയും, ജോലി ചെയ്തു വരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. ടി അനധികൃത കെട്ടിടം

പൂർത്തീകരിച്ച 2019 കാലഘട്ടത്തിൽ നഗരസഭയിലെ കെട്ടിട നിർമ്മാണ അനുമതിയുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യിട്ടില്ലാത്തതും, പൊതുമരാമത്ത് പ്രവർത്തികളുടെ ചുമതല മാത്രമാണ് ഉണ്ടായിരുന്നതെന്നും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്ന ഹോളിഡേ ഡ്യൂട്ടിയുടെ ചുമതല ഇല്ലായിരുന്നെന്നും അറിയിക്കുന്നു.

6. കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് ശ്രീ.ഹരിദാസ് കെ, ഓവർസിയർ ഗ്രേഡ്-1 സമർപ്പിച്ച എതിർവാദപത്രികയിൽ 17/11/2017 മുതൽ 29/4/2018 വരെ പാലക്കാട് നഗരസഭയിൽ രണ്ടാം ഗ്രേഡ് ഓവർസിയറായി ജോലി നോക്കിയിരുന്നുവെന്നും 27-ാം വാർഡിലെ ട്രൂ ലൈൻ പബ്ലിക് സ്കൂൾ എന്ന കെട്ടിടത്തിൽ അവധി സ്ക്വാഡ് പോയിരുന്ന സമയത്ത് അനധികൃത നിർമ്മാണം നടത്തിയതായി ശ്രദ്ധയിലോ അറിവിലോ പെട്ടിട്ടില്ലയെന്നും കൂടാതെ ടി കെട്ടിടം 2017ന് മുൻപ് തന്നെ നിലവിലുള്ളതാണെന്നും, ജനറൽ ഇലക്ഷൻ സമയത്ത് ബൂത്ത് ആയി പ്രവർത്തിച്ചിരുന്നതായും ആയതിനാൽ ടിയാൻ ജോലി ചെയ്തിരുന്ന സമയത്ത് അനധികൃത നിർമ്മാണം ഉണ്ടായിരുന്നില്ലെന്ന് അനുമാനിക്കാവുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

7. കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് ശ്രീ.ജയപ്രകാശ് ടി., ഓവർസിയർ ഗ്രേഡ്-1 സമർപ്പിച്ച എതിർവാദപത്രികയിൽ 04/07/2018 മുതൽ 08/10/2018 വരെയുള്ള കാലയളവിൽ മാത്രമാണ് പാലക്കാട് നഗരസഭയിൽ ഓവർസിയർ ആയി ജോലി ചെയ്തിട്ടുള്ളതെന്നും ടി കാലയളവിൽ പൊതുമരാമത്ത് പണികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ മാത്രമാണ് നിർവഹിച്ചിട്ടുള്ളതെന്നും പാലക്കാട് നഗരസഭയിൽ മേൽകാലയളവിൽ കെട്ടിടനിർമ്മാണചട്ടങ്ങൾ പരിശോധിക്കുന്ന ഹോളിഡേസ്ക്വാഡിൽ ജോലി ചെയ്തിട്ടില്ലയെന്നും അറിയിക്കുന്നു.

8. കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് ശ്രീ.കിഷോർ കെ., ഓവർസിയർ ഗ്രേഡ്-II സമർപ്പിച്ച എതിർവാദപത്രികയിൽ 18/07/2018 മുതൽ 14/10/2022 വരെയുള്ള കാലയളവിൽ രണ്ടാംതരം ഓവർസീയർ തസ്തികയിൽ ജോലി ചെയ്തിരുന്നുവെന്നും ടി കാലയളവിലുള്ള 18/07/2018 മുതൽ 24/01/2021 വരെ നഗരസഭയിലെ 14 മുതൽ 26 വരെയുള്ള വാർഡുകളുടെ പൊതുമരാമത്ത് പ്രവൃത്തികളുടെ ചുമതലയും 25/01/2021 മുതൽ 14/10/2022 വരെയുള്ള കാലയളവിൽ 14 മുതൽ 26 വരെയുള്ള വാർഡുകളിലെ കെട്ടിട നിർമ്മാണ അനുമതിയുമായി (ടൗൺ പ്ലാനിംഗ് വിഭാഗം) ബന്ധപ്പെട്ട ഫയലുകളുടെ ചുമതലയാണ് ഉണ്ടായിരുന്നതെന്നും 25/01/2021 മുതൽ 4/10/2022 വരെയുള്ള കാലയളവിൽ മാത്രമാണ് നഗരസഭ പരിധിയിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് നിയോഗിക്കപ്പെട്ട ഹോളിഡെ സ്ക്വാഡിൽ പ്രവർത്തിച്ചിരുന്നതെന്നും ടി കാലയളവിൽ അവധി ദിവസങ്ങളിൽ ഹോളിഡേഡ്യൂട്ടിയ്ക്ക് ഹാജരാകുകയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും ടിയാൻ അറിയിക്കുന്നു.

9. കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് ശ്രീ.രാധാകൃഷ്ണൻ, ഓവർസിയർ ഗ്രേഡ്-II സമർപ്പിച്ച എതിർവാദപത്രികയിൽ 12/04/2017 മുതൽ 19/02/2021 വരെയുള്ള കാലയളവിൽ അനധികൃത നിർമ്മാണം കണ്ടെത്തുന്നതിനുള്ള സ്ക്വാഡിൽ പ്രവർത്തിച്ചുവെന്നും കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും മേൽപ്പറഞ്ഞ കാലയളവിൽ ട്രൂ ലൈൻ പബ്ലിക് സ്കൂളിന്റെ നിർമ്മാണത്തിനെതിരെയുള്ള യാതൊരുവിധ പരാതിയും ലഭിച്ചിട്ടില്ലായെന്നും കൂടാതെ

സ്ക്വാഡ് പരിശോധന വേളയിൽ ടി കെട്ടിടത്തിൽ നിർമ്മാണ പ്രവൃത്തികൾ ഒന്നും തന്നെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും ടി കെട്ടിടം മുൻകാലം മുതൽ ഇലക്ഷൻ പോളിംഗ് ബൂത്ത് ആയി ഉപയോഗിച്ച് വരുന്നതായി മനസ്സിലാക്കാൻ സാധിച്ചിരുന്നു എന്നും അറിയിക്കുന്നു.

10. കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് ശ്രീ.രമേഷ്.ആർ, ഓവർസിയർ ഗ്രേഡ്-I സമർപ്പിച്ച എതിർവാദപത്രികയിൽ 20/05/2015 മുതൽ 18/07/018 വരെയുള്ള കാലയളവിൽ അവധി ദിവസങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്ന സ്ക്വാഡിൽ പ്രവർത്തിച്ച് അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി യഥാക്രമം റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, താൻ ജോലി നോക്കിയ കാലയളവിൽ 27-ാം വാർഡിലുള്ള ട്രൂ ലൈൻ പബ്ലിക് സ്കൂൾ എന്ന കെട്ടിടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും നടന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ലായെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലാത്തതാണെന്നും അറിയിക്കുന്നു.

11. കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് **ശ്രീ.ഭഗവൽദാസ് ആർ. ഓവർസിയർ ഗ്രേഡ്-1** സമർപ്പിച്ച എതിർവാദപത്രികയിൽ നിർമ്മാണങ്ങൾ കണ്ടെത്തുന്ന സ്ക്വാഡിൽ പ്രവർത്തിച്ച് അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും 27-ാം വാർഡിലുള്ള True Line Public School എന്ന കെട്ടിടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നും അറിയിക്കുന്നു.

12. കുറ്റാരോപണ പത്രികയിലെ ആരോപണങ്ങൾക്ക് **ശ്രീ.സൂരജ് എം.കെ, ഓവർസിയർ ഗ്രേഡ്-1** സമർപ്പിച്ച എതിർവാദപത്രികയിൽ 24/07/2019 മുതൽ 19/09/2022 വരെയുള്ള കാലയളവിൽ പാലക്കാട് മുനിസിപ്പാലിറ്റിയിൽ 2020-21 സാമ്പത്തിക വർഷത്തിലും, 2021-22 സാമ്പത്തിക വർഷത്തിലും കോവിഡിനെതിരായി പ്രവർത്തിക്കുന്നതിന്റെ ഭാഗമായി ക്യാമ്പുകളിലും, ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിലും, കമ്മ്യൂണിറ്റി കിച്ചണുകളിലും ചുമതല വഹിച്ചിരുന്നതായും ആയതിനാൽ ടി കാലയളവിൽ Unauthorised construction പ്രവൃത്തികൾ കണ്ടുപിടിക്കുന്നതിനും, അതിനെതിരെ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള Holiday Squad duty-കൾക്കായി വാഹനങ്ങളുടെ ലഭ്യതക്കുറവും, മറ്റു സാങ്കേതിക തടസ്സങ്ങളും ഉണ്ടായതിനാൽ പഴയതുപോലെ ഊർജ്ജിതമായിരുന്നില്ലെന്ന് ടിയാൻ അറിയിക്കുന്നു.

13. കുറ്റാരോപണപത്രികയിലെ ആരോപണങ്ങൾക്ക് ശ്രീ.ഷൈജു പി.എസ്., ഓവർസിയർ ഗ്രേഡ്-1 സമർപ്പിച്ച എതിർവാദപത്രികയിൽ 02/05/2018 മുതൽ 24/07/2019 വരെയുള്ള കാലയളവിൽ മുൻസിപ്പൽ സെക്രട്ടറിയുടെ PW4-5148/2003 ഉത്തരവ് പ്രകാരം അനധികൃത നിർമ്മാണ പ്രവർത്തനം കണ്ടെത്തുന്നതിനുള്ള ഹോളിഡേ ഡ്യൂട്ടി സ്ക്വാഡിൽ കൃത്യമായി ഹാജരായി പരിശോധന നടത്തിയിട്ടുള്ളതാണെന്നും പ്രസ്തുത കാലയളവിൽ ട്രൂ ലൈൻ പബ്ലിക് സ്കൂളുമായി ബന്ധപ്പെട്ട് പരാതിയൊന്നും ലഭിച്ചിട്ടില്ല എന്നും അനധികൃത നിർമ്മാണം കണ്ടെത്തിയിട്ടില്ലായെന്നും അറിയിക്കുന്നു.

14. **തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ** കുറ്റാരോപിതരുടെ എതിർവാദ പത്രികയിന്മേൽ സമർപ്പിച്ച **അഭിപ്രായകുറിപ്പിൽ** ട്രൂ ലൈൻ പബ്ലിക് സ്കൂൾ സ്ഥിതി ചെയ്യുന്ന നിലം ഇനത്തിൽ പെട്ട സ്ഥലത്ത് 2011-ൽ 108$m^2$ വിസ്തീർണ്ണമുള്ള ഒരു റസിഡൻഷ്യൽ കെട്ടിടം നിർമ്മിക്കുകയും ആയതിന് പാലക്കാട് മുനിസിപ്പാലിറ്റിയിൽ നിന്ന് 27/986 എന്ന കെട്ടിടനമ്പർ ലഭിക്കുകയും 2013 മുതൽ ടി കെട്ടിടത്തിൽ ട്രൂ ലൈൻ

കിന്റർഗാർഡൻ എന്ന ഒരു സ്ഥാപനം തുടങ്ങുകയും ടി കെട്ടിടത്തിന് സമീപത്തായി 2019-ൽ മറ്റൊരു 3 നില കെട്ടിടം പണി പൂർത്തിയാക്കിയതായും ടി 3 നില കെട്ടിടത്തിൽ ഓരോ നില പണിതത് അനുസരിച്ച് ഓരോ വർഷവും ICSE സിലബസ് പ്രകാരം ക്ലാസുകൾ നടത്തിവരുന്നുണ്ടെന്നും ടി സ്കൂളിന് നാളിതുവരെയായി വിദ്യാഭ്യാസവകുപ്പിൽ നിന്നോ ബന്ധപ്പെട്ട വിദ്യാഭ്യാസബോർഡിൽ നിന്നോ പാലക്കാട് മുനിസിപ്പാലിറ്റിയുടെയോ യാതൊരുവിധ അംഗീകാരവും ലഭിച്ചിട്ടില്ലെന്നും കണ്ടെത്തിയിട്ടുണ്ട് എന്നും 2017 മുതൽ 2022 വരെ പാലക്കാട് നഗരസഭപരിധിയിലെ അനധികൃതനിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് നിയോഗിക്കപ്പെട്ട ഹോളിഡേ സ്ക്വാഡിൽ സ്ക്വാഡ്‌ലിഡർ ആയിരുന്ന പാലക്കാട് മുൻസിപ്പാലിറ്റിയിലെ ഓവർസിയർമാർ ടി കാലയളവിൽ നടന്ന ട്രൂ ലൈൻ പബ്ലിക് സ്കൂളിലെ 3 നില കെട്ടിടത്തിന്റെ അനധികൃത നിർമ്മാണ പ്രവർത്തനം കണ്ടെത്തി നടപടികൾ സ്വീകരിക്കാതിരുന്നതു വഴി ഔദ്യോഗിക കൃത്യനിർവ്വഹണ വീഴ്ച വരുത്തി എന്നും കെട്ടിട നിർമ്മാണ പ്രവർത്തികൾ നടക്കുന്ന വേളയിൽ മാത്രമാണ് അനധികൃത നിർമ്മാണമാണോ എന്ന് കണ്ടെത്താൻ ഹോളിഡേ സ്ക്വാഡിന് കഴിയുകയുള്ളൂ എന്നും, പൂർത്തീകരിച്ച കെട്ടിടം അനധികൃതമാണോ എന്ന് പിന്നീട് കണ്ടെത്തുന്നത് എളുപ്പമല്ലെന്നും പാലക്കാട് നഗരസഭയിൽ അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തുന്നതിനായി നിയോഗിച്ചിട്ടുള്ള ഹോളിഡേ സ്ക്വാഡ്ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ ശ്രീമതി സബ്ന എ.എസ്., ശ്രീ.ജയൻ എസ്., ശ്രീ.ബിനി എസ്., ശ്രീ.കിഷോർ കെ. എന്നിവർ 2019 വർഷത്തിനു ശേഷമാണ് അനധികൃത നിർമ്മാണം തടയുന്നതിനുള്ള ഹോളിഡേ സ്ക്വാഡ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്നതെന്നും ആയതിനാൽ നിർമ്മാണം നടന്ന് കഴിഞ്ഞ കെട്ടിടം അനധികൃതമാണോയെന്ന് കണ്ടെത്തുക പ്രയാസമാണെന്നുമുള്ള ടിയാളുകളുടെ വാദം അംഗീകരിക്കാവുന്നതാണെന്നും എന്നാൽ പാലക്കാട് നഗരസഭയിലെ അനധികൃതകെട്ടിടനിർമ്മാണം കണ്ടെത്തുന്നതിനായി നിയോഗിച്ചിട്ടുള്ള ഹോളിഡേസ്ക്വാഡ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ ശ്രീ.ഹരിദാസ് കെ., ശ്രീ.ജയപ്രകാശ് ടി., ശ്രീ.രാധാകൃഷ്ണൻ, ശ്രീ.രമേഷ് ആർ., ശ്രീ.ഭഗവൽദാസ് ആർ, ശ്രീ.സൂരജ് എം.കെ., ശ്രീ.ഷൈജു പി.എസ്. എന്നിവർക്ക് അനധികൃത നിർമ്മാണം യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ലയെതിനാൽ ടിയാളുകളുടെ വാദം അംഗീകരിക്കാൻ കഴിയുകയില്ലയെന്നും ശ്രീ.ബാബു കെ.ബി. എതിർവാദപത്രിക ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടിയാന് എതിർവാദങ്ങൾ ഒന്നും തന്നെ ഇല്ല എന്ന് അനുമാനിക്കാവുന്നതാണ് എന്നും പ്രിൻസിപ്പൽ പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുന്നു.

15. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതർ സമർപ്പിച്ച എതിർവാദ പത്രിക, പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായകുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ചു. 2017 മുതൽ 2022 വരെ പാലക്കാട് നഗരസഭ പരിധിയിലെ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് നിയോഗിക്കപ്പെട്ട ഹോളിഡേ സ്ക്വാഡിൽസ്ക്വാഡ് ലിഡർ ആയിരുന്ന പാലക്കാട് മുൻസിപ്പാലിറ്റിയിലെ ഓവർസിയർമാർ ടി കാലയളവിൽ നിലം ഇനത്തിൽ പെട്ട സ്ഥലത്ത് ട്രൂ ലൈൻ പബ്ലിക് സ്കൂളിലെ 3 നില കെട്ടിടത്തിന്റെ അനധികൃത നിർമ്മാണ പ്രവർത്തനം കണ്ടെത്തി നടപടികൾ സ്വീകരിച്ചില്ലയെന്നതാണ് ഉദ്യോഗസ്ഥർക്കെതിരായ ആരോപണം. ടി അനധികൃത നിർമ്മാണം 2019- ൽ പൂർത്തീകരിച്ചതായി കാണാം. പൂർത്തീകരിച്ച കെട്ടിടം

അനധികൃതമാണോ എന്ന് പിന്നീട് കണ്ടെത്തുന്നത് എളുപ്പമല്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുന്നുണ്ട്. ടി വാദം അംഗീകരിക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ 2019-ന ശേഷം ഹോളിഡേ സ്ക്വാഡ്ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ ശ്രീമതി സബ്ന എ.എസ്., ശ്രീ.ജയൻ എസ്., ശ്രീ.ബിനി എസ്., ശ്രീ.കിഷോർ കെ. എന്നിവർക്ക് നിർമ്മാണംനടന്നുകഴിഞ്ഞ കെട്ടിടം അനധികൃതമാണോ എന്ന് കണ്ടെത്തുക പ്രയാസമാണെന്ന ടിയാളുകളുടെ വാദം അംഗീകരിക്കാവുന്നതാണ്. എന്നാൽ 2019-ന മുമ്പ് ഹോളിഡേ സ്ക്വാഡ്ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരിൽ ശ്രീ.ഹരിദാസ് കെ, ശ്രീ.ജയപ്രകാശ് ടി, ശ്രീ.രാധാകൃഷ്ണൻ, ശ്രീ.രമേഷ് ആർ, ശ്രീ.ഭഗവൽദാസ് ആർ, ശ്രീ.സൂരജ് എം.കെ. ശ്രീ.ഷൈജു പി.എസ്. എന്നിവർ അനധികൃത നിർമ്മാണം യഥാസമയം കണ്ടെത്തുകയോ റിപ്പോർട്ട് ചെയ്യുകയോ ചെയ്തിട്ടില്ല. ആയത് ടിയാളുകളുടെ ഭാഗത്തുണ്ടായ വീഴ്ചയാണ്. "നിലം" ഇനത്തിൽപ്പെട്ട സ്ഥലത്ത് നടന്ന നിർമ്മാണങ്ങൾ ടിയാളുകളുടെ ശ്രദ്ധയിൽപ്പെട്ടില്ല എന്ന വാദം നിലനിൽക്കുന്നതല്ല. കൂടാതെ 2013 മുതൽ ടി കെട്ടിടത്തിൽ ട്രൂ ലൈൻ കിന്റർ ഗാർഡൻ എന്ന സ്ഥാപനം തുടങ്ങുകയും ടി കെട്ടിടത്തിന് സമീപത്തായി 2019-ൽ മറ്റൊരു 3 നില കെട്ടിടം പണി പൂർത്തിയാക്കുകയും ടി 3 നില കെട്ടിടത്തിൽ ഓരോ നില പണിതത് അനുസരിച്ച് ഓരോ വർഷവും ICSE സിലബസ് പ്രകാരം ക്ലാസുകൾ നടത്തി വരികയും ചെയ്യുന്നുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടറും അറിയിയ്ക്കുന്നു.

16. മേൽ സാഹചര്യത്തിൽ, ട്രൂ ലൈൻ പബ്ലിക് സ്കൂളിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടുകളിൽ ഉദ്യോഗസ്ഥർക്കെതിരെ KCS(CC&A) Rules 1960-യിലെ Rule 16 പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കി സ്വീകരിച്ചുവരുന്ന അച്ചടക്കനടപടിയിൽ അനധികൃത നിർമ്മാണം പൂർത്തീകരിച്ച 2019-ന ശേഷം ഹോളിഡേ സ്ക്വാഡ്ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥരായ **ശ്രീമതി സബ്ന എ.എസ്., ശ്രീ.ജയൻ എസ്., ശ്രീ.ബിനി എസ്., ശ്രീ.കിഷോർ കെ എന്നിവരെ കുറ്റവിമുക്തരാക്കിയും** 2019-ന മുമ്പ് സേവനമനുഷ്ഠിച്ചിരുന്ന, അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ **ശ്രീ.ബാബു കെ.ബി., ശ്രീ.ഹരിദാസ് കെ., ശ്രീ.ജയപ്രകാശ് ടി., ശ്രീ.രാധാകൃഷ്ണൻ, ശ്രീ.രമേഷ് ആർ, ശ്രീ.ഭഗവൽദാസ് ആർ, ശ്രീ.സൂരജ് എം.കെ., ശ്രീ.ഷൈജു പി.എസ്. എന്നിവർ കുററക്കാരെന്നുകണ്ട് KCS(CC&A) Rules 1960-യിലെ Rule 11(1)(iii) പ്രകാരം ടിയാൾക്കാരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലമില്ലാതെ തടയുക എന്ന ശിക്ഷ നല്കിയും അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീ.ബിനി എ.എസ്.(PEN :686595), ഓവർസിയർ
2. ശ്രീ.രമേഷ് R.(PEN :665415), ഓവർസിയർ
3. ശ്രീ.ഹരിദാസ് K. (PEN :679827), ഓവർസിയർ
4. ശ്രീ.ജയപ്രകാശ് (PEN :511468), ഓവർസിയർ

5. ശ്രീ.ജയൻ എസ്.(PEN :687236), ഓവർസിയർ
6. ശ്രീ.ഭഗവൽദാസ്(PEN :690469), ഓവർസിയർ,
7. ശ്രീ.ബാബു കെ.ബി.(PEN :661421), ഓവർസിയർ
8. ശ്രീ.രാധാകൃഷ്ണൻ A.N.(PEN :779319), ഓവർസിയർ
9. ശ്രീ.ഷൈജു പി.എസ്.(PEN :676751), ഓവർസിയർ
10. ശ്രീ.സൂരജ് എം.കെ.(PEN :801003), ഓവർസിയർ
11. ശ്രീ.കിഷോർ കെ.(PEN :723890), ഓവർസിയർ
12. ശ്രീമതി സബ്ന എ.എസ്.(PEN :800968), ഓവർസിയർ

**(1 മുതൽ 12 വരെ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**

13. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഉത്തരവു പ്രകാരമുള്ള നടപടികൾക്കായി)**
14. വിജിലൻസ് വകുപ്പ് ( 10.11.2023 ലെ എഫ്1/26/2023/വിജി നമ്പർ കത്ത് പ്രകാരം)
15. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
16. തദ്ദേശ സ്വയംഭരണ (EWB) വകുപ്പ് (DPC List സംബന്ധിച്ച നടപടിയ്ക്കായി)
17. PW(F)D (13.02.2024-ലെ EWA3/339/2023-LSGD അനൗ.കുറിപ്പിനു തുടർച്ചയായി വിജിലൻസ് റിപ്പോർട്ട് സഹിതം
18. അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ് കേരള, തൃശൂർ
19. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
20. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(EWA3/339/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 13-01-2026 11:18:14

സെക്ഷൻ ഓഫീസർ